**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീ.ഫാസിൽ എച്ച്.-നെ പന്തളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ നിലവിലെ പുനർവിന്യാസ ഒഴിവിലേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3783/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 24.11.2017.**

---

പരാമർശം: 1) സ.ഉ.(സാധാ) നം.1080/2017/കൃഷി തീയതി 06.11.2017.

2) പന്തളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ 14.11.2017 തീയതിയിലെ ബി.1529/2017 നം കത്ത്

**ഉത്തരവ്**

പുനർവിന്യാസം മുഖേന പന്തളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ജോലി ചെയ്തിരുന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീ.തുളസീധരൻ. എൻ. സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടി വകുപ്പിലെ ക്ലാർക്കായ ശ്രീ.ഫാസിൽ എച്ച്.-നെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പന്തളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നിലവിൽ പുനർവിന്യാസ ഒഴിവുള്ളതായി പരാമർശം (2) പ്രകാരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഫാസിൽ ഓപ്ഷൻ സമർപ്പിച്ച പന്തളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ നിലവിലെ പുനർവിന്യാസ ഒഴിവിലേക്ക് ടിയാനെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, പന്തളം

ശ്രീ.ഫാസിൽ എച്ച്., ക്ലാർക്ക്, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (വകുപ്പ മേധാവി മുഖേന).

കൃഷി വകുപ്പ്.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ